**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2656** **24-06-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സോളാർ പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തിന് 2024 ഏപ്രിൽ ഒന്ന് മുതൽ വൈദ്യുതി തീരുവ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | വിവിധ സ്രോതസ്സുകളിൽ നിന്നും ഉപഭോക്താക്കൾ സ്വന്തം നിലയിൽ ഉത്പാദിപ്പിച്ച് അതിൽ നിന്ന് അവരുടെ തന്നെ ആവശ്യത്തിനു ഉപയോഗിക്കുന്ന വൈദ്യുതിക്ക് 2024 ഏപ്രിൽ ഒന്നു മുതൽ വൈദ്യുതി തീരുവ യൂണിറ്റ് ഒന്നിന് 1.2 പൈസയിൽ നിന്നും 15 പൈസയായി വർദ്ധിപ്പിക്കുന്നതിന് കേരള ഫിനാൻസ് ബിൽ 2024 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വർദ്ധനവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സൗരോർജ സ്രോതസ്സ് ഉപയോഗിച്ച് വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നവരെ മേൽ വർദ്ധനവിൽ നിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | പുനരുപയോഗിക്കുന്ന ഊർജസ്രോതസ്സുകളെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി ഓൺ ഗ്രിഡ് ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. നല്കുന്ന ഫിക്സഡ് ചാർജിന്റെ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | വ്യക്തമായ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിരക്കുകൾ നിർണയിക്കുന്നത്. ടി മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണമോയെന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ